(സി) ക്ഷേമ ബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യാപാരികളായ അംഗങ്ങൾക്ക് ലഭിക്കുന്നത് ?

ഉത്തരം

(എ) 46,173 വ്യാപാരികൾ.

(ബി) ജില്ലാ ഓഫീസുകളില്ല.

(സി) ക്ഷേമബോർഡിൽ അംഗങ്ങളായി അംഗത്വം വർഷം തോറും പുതുക്കിവരുന്ന വ്യാപാരികൾക്ക് പ്രകൃതിക്ഷോഭം, തീപിടുത്തം, അക്രമം എന്നിവകൊണ്ട് കച്ചവടകേന്ദ്രത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നു. കൂടാതെ മരിച്ചുപോയ അംഗങ്ങളുടെ കുടുംബത്തിന് ധനസഹായവും നൽകിവരുന്നു.

കണ്ണൂർ കൺസോളിഡേറ്റഡ് കോഫി യൂണിറ്റ് അടച്ചുപൂട്ടാനുള്ള ശ്രമം

49 (884) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ പ്രവർത്തിക്കുന്ന കൺസോളിഡേറ്റഡ് കോഫി യൂണിറ്റ് അടച്ചുപൂട്ടാൻ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനം ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണെന്നും എത്ര തൊഴിലാളികൾ അവിടെ പ്രവർത്തിയെടുക്കുന്നുണ്ടെന്നും വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനം പൂട്ടാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടാൻ നീക്കം നടക്കുകയാണ് എന്ന് കാണിച്ചുകൊണ്ടുള്ള ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിൻമേൽ കണ്ണൂർ ജില്ലാ ലേബർ ഓഫീസർ മുഖേന നടത്തിയ അന്വേഷണത്തിൽ ഈ സ്ഥാപനം അടച്ചുപൂട്ടുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അസംസ്കൃത പദാർത്ഥമായ കോഫി ലഭിക്കാത്തതിനാൽ ലൈസൻസ് നിലനിർത്തി വി.ആർ.എസ്. പ്രകാരം തൊഴിലാളികളെ ആനുകൂല്യങ്ങൾ വാങ്ങി പിരിഞ്ഞുപോകാൻ അനുവദിച്ചിട്ടുണ്ടെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(സി) ശ്രീ. എം. എ. ബോപ്പണ്ണ, മാനേജിംഗ് ഡയറക്ടർ കൺസോളിഡേറ്റഡ് കോഫി ലിമിറ്റഡ്, പൊള്ളിബേട്ട, കൂടക്, കർണാടക എന്നാണ് ഉടമയുടെ മേൽവിലാസം. ഈ സ്ഥാപനത്തിൽ 162 തൊഴിലാളികളും 37 ഓഫീസ് സ്റ്റാഫും ജോലി നോക്കുന്നു. ആകെ 199 പേർ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്ഥാപനം തുടർന്നു പ്രവർത്തിക്കുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന സമ്മേളനങ്ങൾ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വൈദ്യുതി പ്രസരണ നഷ്ടം

50 (885) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എളംമരം കരീം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തു പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം മൂലം പാഴായിപ്പോകുന്നുണ്ട് ;

(സി) പ്രസരണ നഷ്ടം ഇല്ലാതാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ പുതിയ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കൂടുതൽ സബ്സ്റ്റേഷനുകളും പുതിയ ലൈനുകളും നിർമ്മിച്ച് പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ 220 കെ.വി, 110 കെ.വി, 66 കെ.വി. സബ്സ്റ്റേഷനുകളും അതിനോടനുബന്ധിച്ച ലൈനുകൾ സ്ഥാപിച്ചും, നിലവിലുള്ള ശേഷി കുറഞ്ഞ സബ്സ്റ്റേഷനുകളുടേയും, ലൈനുകളുടേയും ശേഷി വർദ്ധിപ്പിച്ചും, വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ ലോഡ് ഫ്ളോ പഠനം നടത്തി 33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കാനുള്ള പണികൾ നടന്നു വരുന്നു. നിലവിലുള്ള ശേഷി കുറഞ്ഞ ട്രാൻസ്മിഷൻ ലൈനുകൾ മാറ്റി കൂടുതൽ ശേഷിയുള്ള ലൈനുകൾ സ്ഥാപിക്കുക വഴി പ്രസരണ നഷ്ടം കുറയ്ക്കുവാൻ കഴിയുന്നുണ്ട്.

(ബി) 1998-99 വർഷത്തിൽ സംസ്ഥാനത്ത് പ്രസരണ വിതരണ നഷ്ടം 1,981.2 ദശലക്ഷം യൂണിറ്റായി കണക്കാക്കിയിട്ടുണ്ട്. പ്രതിദിന നഷ്ടം ശരാശരി ഏകദേശം 5.42 മീ. യൂണിറ്റ് ആണ്.

(സി) കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly